

# വായനക്കാരുടെ കത്തുകൾ/പ്രതികരണങ്ങൾ

കേരളീയം, കൊക്കാലെ, തൃശൂർ–21, e-mail : mailkeraleeyam@gmail.com

## തിരുത്തപ്പെടേണ്ടതില്ലാത്ത ചില മുൻവിധികൾ



**മുല്ലപ്പെരിയാർ** ഡാം പൊട്ടുമോ ഇല്ലയോ, പൊട്ടിയാൽ താഴ്‌വാരം തരിപ്പണമാവുമോ ഇല്ലയോ എന്നിങ്ങനെയുള്ള തർക്കങ്ങളൊന്നും ഉണ്ടായിട്ടില്ല എന്നു വെയ്ക്കുക, എങ്കിൽ കേരളീയർ ഈ മുല്ലപ്പെരിയാർ ഡാമിനെ ശിരസാ വഹിക്കേണ്ടതുണ്ടോ? 999 വർഷത്തേയ്ക്കുള്ള കരാർ. അതും, ഡാം പരിസരവും തമിഴ്നാടിന്റെ അധീനതയിൽ. ബ്രിട്ടീഷ് അധികാരികൾ തിരുവിതാംകൂറിനെ വിരട്ടിയുണ്ടാക്കിയ കരാർ. സ്വതന്ത്ര ഭാരതത്തിൽ അസാധുവായിത്തീർന്ന കരാർ. നമ്മളറിയാതെ അച്യുതമേനോൻ എന്ന മുഖ്യമന്ത്രി ഒപ്പിട്ട് അതങ്ങു സാധുവാക്കിക്കൊടുത്തത് കേരളീയർക്ക് സ്വീകാര്യമാണോ? വെറും 40,000 രൂപയ്ക്ക് ജലം നൽകുന്നത് സമ്മതമാണോ? എന്തിനായിരുന്നു ആ മനുഷ്യർ നമ്മോട് ഇത്ര വലിയ വഞ്ചന ചെയ്തത്? സാത്വികൻ എന്നും ധർമ്മിഷ്ഠൻ എന്നും കരുതപ്പെട്ടയാൾ! അടിയന്തിരാവസ്ഥക്കാലത്ത് സംസ്ഥാനം ഭരിച്ച മുഖ്യമന്ത്രി! പോലീസ് പിടിച്ചുകൊണ്ടുപോയ മകനെ തിരിച്ചുകിട്ടാൻ വേണ്ടി കൈനീട്ടി യാചിക്കുന്ന അച്ഛനെ ആട്ടിയിറക്കിയ ധർമ്മിഷ്ഠൻ!

**കെ.ആർ. ഇന്ദിര, തൃശൂർ**

## ജനവിരുദ്ധമായി മാറുന്ന നിയമസഭകൾ

**ഉത്തരം** കിട്ടാത്ത നിരവധി ചോദ്യങ്ങളെക്കൊണ്ട് നിറയുന്ന ഇന്നത്തെ നമ്മുടെ ജീവിതം എല്ലാ അർത്ഥത്തിലും കൂടുതൽ മോശം അവസ്ഥയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഈ അവസ്ഥയെക്കുറിച്ച് അനുനിമിഷം അറിയേണ്ടവരാണ് തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ. എന്നാൽ, അതിനുപകരം പണവും അധികാരഗർവും കൂസലില്ലായ്മയും കൊണ്ട് ഈ മോശമവസ്ഥയ്ക്ക് ആക്കം കൂട്ടുകയാണവർ ചെയ്യുന്നത്. പണ്ട് വർഷത്തിൽ ഏകദേശം 140 പ്രാവശ്യമെങ്കിലും കൂടിയിരുന്ന പാർലമെന്റും അസംബ്ലിയുമൊക്കെ പക്ഷേ ഇന്ന് വെറും 70 ദിവസങ്ങളാണ് വർഷത്തിൽ സമ്മേളിക്കുന്നത്. ഉത്തർപ്രദേശിലൊക്കെ നിയമസഭാസമ്മേളനങ്ങൾ അവസാനിക്കുന്നത് വെറും ഒരു മണിക്കൂറിനുള്ളിലാണ്!

ജനങ്ങൾ തെരഞ്ഞെടുക്കുന്ന പ്രതിനിധികൾ അതത് സഭകളിലെത്തിച്ചേർന്നതിനു ശേഷം പാലിക്കേണ്ട ചില ചിട്ടകളെയും നിയമങ്ങളെയും കുറിച്ച് അഞ്ച് സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പുകൾ ആസന്നമായ ഈ ഘട്ടത്തിലെങ്കിലും ആലോചിച്ചു തുടങ്ങാൻ നമ്മൾ തയ്യാറാകണം. തങ്ങളുടെ കാലാവധിയ്ക്കുള്ളിൽ ജനപ്രതിനിധികൾ ചെയ്യേണ്ട കടമകളെക്കുറിച്ച് ജനങ്ങൾ ബോധവാന്മാരായിരിക്കണം. മാത്രമല്ല, തെരഞ്ഞെടുപ്പ് സമയത്ത് നൽകിയ വാഗ്ദാനങ്ങളിൽ എത്ര പാലിച്ചുവെന്ന് കാലാവധിയ്ക്കിടെ കുറഞ്ഞത് രണ്ട് തവണയെങ്കിലും പ്രതിനിധികൾ ജനങ്ങളെ ബോധ്യപ്പെടുത്തണം. ഇവിടെനിന്നും നമുക്ക് ചർച്ച തുടങ്ങാം.

**കെ. സതീഷ്, തിരുവനന്തപുരം**

## ലൗ ജിഹാദ്: മാധ്യമങ്ങൾ മാപ്പുപറയുമോ?

**കേരളത്തെ** ഞെട്ടിച്ച ലൗ ജിഹാദ് സംഭവങ്ങൾ www.hindujagruti.org എന്ന ഹൈന്ദവ സംഘടനകളോട് ആഭിമുഖ്യമുള്ള വെബ്സൈറ്റ് ചമച്ചെടുത്ത കെട്ടുകഥയാണെന്ന് കേരളാ പോലീസ് കണ്ടെത്തിയിരിക്കുന്നു. ലൗ ജിഹാദ് ഭൂതം കേരളത്തെ വിഴുങ്ങാൻ പോകുന്നു എന്ന് ആക്രോശിച്ചവർക്ക് ഇപ്പോൾ എന്താണ് പറയാനുള്ളത്? ലൗ ജിഹാദ് എന്ന വാക്കിന് നിറം കൊടുത്ത് നൂറായിരം നുണകൾ നിരത്തിയ മലയാള മാധ്യമങ്ങൾ മാപ്പുപറയാൻ തയ്യാറാകുമോ? (പ്രത്യേകിച്ച് കേരളകൗമുദിയും ദീപികയും?). എളുപ്പത്തിൽ കുരുക്കിൽ വീഴുന്ന പെൺകുട്ടികളെ പ്രണയിച്ച് മതം മാറ്റുന്നുവെന്നും പ്രേമിച്ച് വശത്താക്കുന്നവരെ യത്തീംഖാനകളിലും മതപഠന കേന്ദ്രങ്ങളിലും കൊണ്ടുപോയി വേലക്കാരികളായി പണിയെടുപ്പിക്കുന്നുവെന്നും എന്തെല്ലാം കള്ളങ്ങളാണ് തരിമ്പുപോലും തെളിവില്ലാതെ അന്ന് പത്രങ്ങൾ പടച്ചത്. ജനപ്രതിനിധികളെയും നിയമത്തേയും നീതിപീഠത്തെയും വരെ തെറ്റധരിപ്പിക്കുന്ന തരത്തിലുള്ള ഇടപെടലുകളാണ് ലൗ ജിഹാദിന്റെ മറവിൽ മലയാള മാധ്യമങ്ങൾ നടത്തിയത്. അന്നത്തെ പ്രമാദമായ കേസായിരുന്ന ഷഹൻഷയുടെ പ്രണയം കോടതിയിലെത്തിയപ്പോൾ പ്രായപൂർത്തിയായവർക്ക് സ്വന്തം ഇഷ്ടത്തിന് ജീവിക്കാനുള്ള നിയമം ഇന്ത്യയിലുണ്ടായിട്ടും കാമുകൻമാരോടൊപ്പം പോകണമെന്ന് പറഞ്ഞ യുവതികളെ അവരുടെ രക്ഷിതാക്കൾക്കൊപ്പം വിടാനാണ് കോടതി കൽപ്പിച്ചത്. അതും ലൗ ജിഹാദിന്റെ സാന്നിധ്യം. ജസ്റ്റിസ് കെ.ടി ശങ്കരൻ സംസ്ഥാനത്ത് ലൗ ജിഹാദ് എന്ന സംഘടനയുടെ പ്രവർത്തനത്തെ കുറിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പോലീസിനോടാവശ്യപ്പെടുകയും ഇങ്ങനെയൊരു സംഘടന കേരളത്തിൽ പ്രവർത്തിക്കുന്നില്ലെന്ന് പോലീസ് അന്ന് മറുപടി കൊടുക്കുകയും ചെയ്തത് ആരും അത്രവലിയ വാർത്തയാക്കിയില്ല. ആയിരത്തിലധികം പെൺകുട്ടികൾ ലൗ ജിഹാദിന്റെ വലയിൽ എന്നെല്ലാം തട്ടിവിട്ടെങ്കിലും അത്തരം കേസുകളൊന്നും സംസ്ഥാനത്തെവിടെയും കണ്ടെത്താൻ കഴിയാതെ വന്നതോടെ മാധ്യമങ്ങൾ സ്വതസിദ്ധമായ മൗനത്തിലേക്ക് മടങ്ങി. ഇപ്പോഴിതാ നിങ്ങൾക്ക് തെറ്റുതിരുത്താൻ ഒരവസരം. നിങ്ങൾ നിർമ്മിച്ചെടുത്ത വാർത്തകൾ കൊണ്ട് മുറിവേറ്റവർക്ക് ഒരല്പമാശ്വാസം.

**ജോൺസി മറ്റത്തിൽ, പ്രവിത്താനം, കോട്ടയം**